## പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1650

31/01/2018-ൽ മറുപടിയ്ക്ക്

## പാർപ്പിട പദ്ധതികൾ

| ചോദ്യം<br>ശ്രീ.കെ.സി.ജോസഫ് | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ലൈഫ് മിഷൻ പാർപ്പിട പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾക്ക് വീട് വയ്ക്കാനുള്ള ഒന്നാം ഗഡു അനുവദിച്ചുവെന്ന് അറിയിക്കാമോ; | (എ) | നിലവിൽ മുൻ ഭവന പദ്ധതികളിൽ ഉൾപ്പെട്ട് പണി പൂർത്തീകരിക്കാത്ത ഭവനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്ന പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. പുതിയ വീടുകളുടെ നിർമ്മാണത്തിനുള്ള ധനസഹായം നൽകുന്നത് ആരംഭിച്ചിട്ടില്ല. |
| (ബി) | പദ്ധതിക്കായുള്ള ഗുണഭോക്താക്കളുടെ അന്തിമ പട്ടിക ഏതെല്ലാം ജില്ലകളിൽ തയ്യാറാക്കി കഴിഞ്ഞിട്ടുണ്ട്; | (ബി) | ജില്ലാ അടിസ്ഥാനത്തിൽ ഒരു ജില്ലയിലും, പൂർണ്ണമായ അന്തിമ പട്ടിക ആയിട്ടില്ല. |
| (സി) | പദ്ധതി പ്രകാരം എത്ര രൂപയാണ് ഒരു വീടിന് നൽകുന്നതെന്ന് അറിയിക്കാമോ; | (സി) | പുതിയഭവനം നിർമ്മിക്കുന്നതിന് പട്ടിക ജാതി, മത്സ്യ തൊഴിലാളി, തോട്ടം തൊഴിലാളി, ജനറൽ വിഭാഗത്തിൽ പെട്ടവർക്ക് 4 ലക്ഷം രൂപയും പട്ടിക വർഗ വിഭാഗക്കാർക്ക് - യഥാർത്ഥ നിർമ്മാണ ചെലവും നൽകുന്നു. |
| (ഡി) | 2016-17,2017-18 വർഷങ്ങളിൽ പി.എം.എ.വൈ., ഐ.എ.വൈ. എന്നീ പദ്ധതിയിൽ ഉൾപ്പെടുത്തി ഓരോ ജില്ലയിലും എത്ര വീട് വീതം അനുവദിച്ചുവെന്നും ഇതിന്റെ ഒന്നാം ഗഡു അനുവദിച്ചുകഴിഞ്ഞോയെന്നും വെളിപ്പെടുത്തുമോ; | (ഡി) | ഇന്ദിര ആവാസ് യോജന ഭവന പദ്ധതി 2016 മാർച്ച് 31 ന് കേന്ദ്ര സർക്കാർ നിർത്തലാക്കി. പകരം പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) [പി.എം.എ.വൈ (ജി)] എന്ന ഭവന പദ്ധതി 2016 ഏപ്രിൽ 1 മുതൽ നടപ്പിലാക്കി വരുന്നു. പി.എം.എ.വൈ (ജി) പദ്ധതി സംബന്ധമായ വിവരങ്ങൾ പ്രകാരം 2016-17, 2017-18 വർഷങ്ങളിൽ അനുവദിച്ച വീടുകളും ഒന്നാം ഗഡു അനുവദിച്ച വീടുകളും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (ഇ) | മേൽപ്പറഞ്ഞ ഓരോ വർഷവും പി.എം.എ.വൈ. പദ്ധതി പ്രകാരം സംസ്ഥാനത്തിന് എത്ര വീടുകളാണ് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | (ഇ) | പി.എം.എ.വൈ. പദ്ധതി പ്രകാരം സംസ്ഥാനത്ത് 2016-17 വർഷം 32559 വീടുകളും 2017-18 വർഷം 9872 വീടുകളും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ജില്ല | 2016-17-ൽ സാങ്ഷൻ ചെയ്ത വീടുകളുടെ എണ്ണം | ഒന്നാം ഗഡു അനുവദിച്ച വീടുകളുടെ എണ്ണം | 2017-18 -ൽ അനുവദിച്ച വീടുകളുടെ എണ്ണം | ഒന്നാം ഗഡു അനുവദിച്ച വീടുകളുടെ എണ്ണം |
|---|---|---|---|---|
| തിരുവനന്തപുരം | 2179 | 2172 | 481 | 436 |
| കൊല്ലം | 1115 | 1076 | 267 | 194 |
| പത്തനംതിട്ട | 489 | 478 | 121 | 105 |
| ആലപ്പുഴ | 607 | 603 | 98 | 91 |
| കോട്ടയം | 494 | 492 | 66 | 61 |
| ഇടുക്കി | 497 | 456 | 169 | 148 |
| എറണാകുളം | 518 | 503 | 148 | 137 |
| തൃശ്ശൂർ | 1035 | 1015 | 293 | 237 |
| പാലക്കാട് | 1498 | 1446 | 218 | 187 |
| മലപ്പുറം | 1819 | 1735 | 240 | 213 |
| കോഴിക്കോട് | 944 | 944 | 146 | 131 |
| വയനാട് | 783 | 772 | 98 | 73 |
| കണ്ണൂർ | 551 | 538 | 100 | 87 |
| കാസർഗോഡ് | 463 | 463 | 100 | 95 |
| ആകെ | 12992 | 12693 | 2545 | 2195 |

സെക്ഷൻ ഓഫീസർ